# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ആഗസ്റ്റ് 9, തിങ്കളാഴ്ച

**നമ്പർ 25**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**അനുമോദനം :**

ടോക്കിയോ ഒളിമ്പിക്സിൽ പുരുഷ വിഭാഗം ജാവലിൻ ത്രോയിൽ സ്വർണ്ണ മെഡൽ നേടിയ നീരജ് ചോപ്ര-യെയും പുരുഷ വിഭാഗം 65 കിലോ ഗുസ്തിയിൽ വെങ്കല മെഡൽ നേടിയ ബജ്റംഗ് പൂനിയ-യെയും അനുമോദിച്ചുകൊണ്ട് സ്പീക്കർ പരാമർശം നടത്തി.

**അടിയന്തരപ്രമേയം :**

വയനാട് ജില്ലയിലെ പുത്തുമലയിലും, മലപ്പുറം ജില്ലയിലെ കവളപ്പാറയിലും ഇടുക്കി ജില്ലയിലെ പെട്ടിമുടിയിലും പ്രകൃതി ദുരന്തങ്ങളിൽ മരിച്ചവരുടെ കുടുംബങ്ങൾക്കും, നാശനഷ്ടം സംഭവിച്ചവർക്കും നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്താത്തതും കാലവർഷം ശക്തമാകുന്ന പശ്ചാത്തലത്തിൽ ഉരുൾപൊട്ടൽ ഭീതി നിലനിൽക്കുന്ന പ്രദേശങ്ങളിൽനിന്ന് ജനങ്ങളെ മാറ്റിപ്പാർപ്പിക്കാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സാഹചര്യം, സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ടി. സിദ്ദിഖ് -ഉം മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

KNPP.1279/2021(i)

**ശ്രദ്ധ ക്ഷണിക്കൽ :**

(1) തോട്ടം തൊഴിലാളികളുടെ പെൻഷൻ പ്രായം അറുപത് വയസ്സായി ഏകീകരിച്ചുകൊണ്ടുള്ള ഉത്തരവ് നടപ്പാക്കേണ്ടതിന്റെയും അവരുടെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. വാഴൂർ സോമൻ പൊതു വിദ്യാഭ്യാസ -തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ഭിന്നശേഷിക്കാരുടെ സംവരണം നടപ്പിലാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് 30-12-2019-ന് പുറപ്പെടുവിച്ച ഉത്തരവ് കെ.എസ്.& എസ്.എസ്.ആർ.-ന് വിരുദ്ധമാണെന്നും അത് മുസ്ലീം സമുദായത്തിന് ലഭിക്കുന്ന സംവരണത്തിൽ കുറവ് വരുത്തുമെന്നുമുള്ളതിനെ സംബന്ധിച്ച് ശ്രീ. ടി. വി. ഇബ്രാഹിം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

**ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:**

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കേരള ഹോം ഗാർഡ്സ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ | മുഖ്യമന്ത്രി |
| 2 | ശ്രീ. നജീബ് കാന്തപുരം | ജീവിതോപാധിയും മകളും നഷ്ടപ്പെട്ട ഏലംകുളം ബാലചന്ദ്രന് നഷ്ടപരിഹാരം | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. പി. സുമോദ് | വടക്കഞ്ചേരിയിൽ എക്സൈസ് റേഞ്ച് ഓഫീസ് | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. ഷാഫി പറമ്പിൽ | പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പി. അനിൽ കുമാർ | സാമൂഹ്യസുരക്ഷാ പെൻഷനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ | ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. നൗഷാദ് | സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ നിന്നും മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 7 | ശ്രീ. അൻവർ സാദത്ത് | ആലുവ താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 8 | ശ്രീ. കോവൂർ കുഞ്ഞുമോൻ | കണ്ടറ-മുളവന-ചിറ്റുമല-മൺട്രോതുരുത്ത് റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. എൻ. ഷംസീർ | നിർദ്ദിഷ്ട കണ്ണൂർ-മൈസൂർ ദേശീയ പാതയിൽ മട്ടന്നൂർ-തലശ്ശേരി ഭാഗം ഉൾപ്പെടുത്തുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീമതി ഒ. എസ്. അംബിക | വക്കം - കായിക്കര കടവ് പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

സ്പീക്കറുടെ റൂളിംഗ് :

നിയമസഭാ സമിതികളുടെ റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യപ്പെടുന്നതിനായുള്ള ചട്ടം 205 B പ്രകാരം ചർച്ചയ്ക്ക് സമയം അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചട്ടം 303 പ്രകാരം ഡോ. എം. കെ. മുനീർ, ശ്രീമതി യു. പ്രതിഭ എന്നീ അംഗങ്ങൾ ഉന്നയിച്ച ക്രമപ്രശ്നത്തിൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 B പ്രകാരം സഭാ സമിതികളുടെ റിപ്പോർട്ടിലെ വിഷയമായിരുന്ന പൊതുപ്രാധാന്യമുള്ള സംഗതിയിന്മേൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ നീക്കിവയ്ക്കാവുന്നതാണ്.

എന്നാൽ ഈ അവസരം വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞ കാലങ്ങളിൽ നമുക്ക് കഴിയാതിരുന്നത് സംബന്ധിച്ചാണ് ഡോ. എം. കെ. മുനീർ ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിനായി നോട്ടീസ് നൽകിയിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീമതി യു. പ്രതിഭയും വിഷയത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി

ഇത്തരം ചർച്ചകൾ സഭയിൽ നടക്കേണ്ടത് സംബന്ധിച്ച ഗവൺമെന്റ് നിലപാട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഇവിടെ വിശദീകരിച്ചു. ഇക്കാര്യത്തിൽ ഗവൺമെന്റിന് അനുകൂല നിലപാടാണുള്ളത് എന്നറിയുന്നതുതന്നെ തികച്ചും സന്തോഷകരമായ കാര്യമാണ്.

നമ്മുടെ സഭയുടെ നടപടി ക്രമങ്ങളിൽ കാലികമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനായി പന്ത്രണ്ടാം കേരള നിയമസഭയിൽ 2009-ൽ രൂപീകരിക്കപ്പെട്ട അഡ്ഹോക് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്, സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിനായി സഭാ നടപടി ചട്ടങ്ങളിൽ ഒരു പുതിയ വ്യവസ്ഥ ചട്ടം 205 B ആയി കൂട്ടിച്ചേർക്കപ്പെട്ടത്. എന്നാൽ നിർഭാഗ്യകരമെന്ന പറയട്ടെ, പുതിയ വ്യവസ്ഥ നിലവിൽ വന്നെങ്കിലും കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷത്തിനിടയിൽ കേവലം രണ്ട് റിപ്പോർട്ടുകൾ മാത്രമേ സഭയിൽ ചർച്ച ചെയ്യപ്പെടുവാൻ അവസരം ലഭ്യമായിട്ടുള്ളൂ. സഭാ സമ്മേളന ദിനങ്ങളുടെ എണ്ണം പരിമിതപ്പെട്ടതും സഭയിൽ നിർവ്വഹിക്കപ്പെടേണ്ട ഗവൺമെന്റ് ബിസിനസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇക്കാര്യത്തിനായി വേണ്ടത്ര സമയം കണ്ടെത്താൻ കഴിയാതിരുന്നത് എന്ന് കാണാവുന്നതാണ്. ഇക്കാര്യത്തിൽ കൂടുതൽ അവസരം ലഭ്യമാവത്തക്ക വിധത്തിൽ ഇനി വരുന്ന സഭാ സമ്മേളനങ്ങളുടെ കാര്യപരിപാടികൾ ക്രമപ്പെടുത്താൻ യോജിപ്പോടുകൂടിയുള്ള ഒരു നീക്കം ഉണ്ടാകേണ്ടതുണ്ട്. അതിനായി പരിശ്രമിക്കാമെന്ന് മാത്രമാണ് ചെയറിന് ഇക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. "

<u>ധനകാര്യം</u> :

<u>2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

എക്സൈസ് എന്ന VIII— ാം നമ്പർ ധനാഭ്യർത്ഥന, നഗരവികസനം എന്ന XXII— ാം നമ്പർ ധനാഭ്യർത്ഥന, പഞ്ചായത്ത് എന്ന XXXV— ാം നമ്പർ ധനാഭ്യർത്ഥന, ഗ്രാമവികസനം എന്ന XXXVI— ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും,

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX —— ാം നമ്പർ ധനാഭ്യർത്ഥന, ജലസേചനം എന്ന XXXVIII—— ാം നമ്പർ ധനാഭ്യർത്ഥന എന്നിവയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9- ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും, കൃഷി എന്ന XXIX- ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം കൃഷി വകുപ്പുമന്ത്രി ശ്രീ. പി. പ്രസാദും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

VIII- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 8, 9, 10, 12, 13, 15, 16, 17, 18, 19, 20, 21, 22, 23, 26, 30, 33, 37, 38 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XX- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 4, 5, 8, 9, 10, 11, 13, 14, 15, 16, 17, 18, 20, 22, 23, 24, 27, 28, 29, 30, 31, 33, 34, 35, 36, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 7, 8, 9, 11, 12, 13, 14, 16, 17, 18, 19, 20, 22, 24, 26, 27, 28, 29, 30, 31, 34, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXIX- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 7, 8, 9, 11, 12, 14, 15, 16, 17, 20, 22, 23, 24, 26, 27, 28, 29, 30, 32, 33, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXV - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 7, 8, 9, 10, 11, 12, 14, 15, 17, 18, 20, 21, 22, 24, 25, 26, 27, 28, 29, 30, 31, 32, 33, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXVI- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 4, 5, 6, 7, 8, 10, 11, 14, 15, 17, 18, 19, 22, 23, 25, 26, 27, 28, 29, 30, 31, 32, 33, 34, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXXVIII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 8, 10, 12, 13, 15, 16, 17, 18, 19, 20, 21, 22, 24, 26, 27, 30, 31, 32, 33, 35, 36, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ടി. പി. രാമകൃഷ്ണൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പി. എസ്. സുപാൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. വി. സുമേഷ്

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. സജീവ് ജോസഫ്

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. എ. പ്രഭാകരൻ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. പി. ടി. തോമസ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും, കൃഷി വകുപ്പുമന്ത്രി ശ്രീ. പി. പ്രസാദും മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭതള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ VIII, XX, XXII, XXIX, XXXV, XXXVI, XXXVIII എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2021 ആഗസ്റ്റ് 10- ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.53 - ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY

Second Session

# BULLETIN—PART I

( Brief Record of Proceedings )

*Monday, August 9, 2021.*

**No. 25**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Felicitation :*

*The* Speaker made a reference felicitating Neeraj Chopra for winning Gold Medal in Men's Javelin Throw and Bajrang Punia for winning Bronze Medal in Men's Freestyle 65 k.g. Wrestling in Tokyo Olympics.

*Adjournment Motion:*

After hearing the Minister for Revenue and Housing, the Speaker withheld consent to the moving of an adjournment motion given notice of by Shri. T. Siddique and five other Members regarding the serious situation reported to have arisen consequent to the failure in ensuring compensation and rehabilitation to the families of the deceased and those who suffered damages in the disaster which occured in Puthumala in Wayanad, Kavalappara in Malapuram and Pettimudi in Idukki and people not being shifted from areas prone to landslide due to the break of Monsoon.

(As a mark of protest against the attitude of the Government the Members belonging to the opposition staged a walkout)

KNPP.1279/2021 (ii)

*Calling Attention :*

(1) Shri. Vazhoor Soman called the attention of the Minister for General Education and Labour to the necessity to implement the order for the unification of the pension age of plantation workers to 60 and to solve the deplorable conditions of the plantation workers. The Minister made a statement thereto.

(2) Shri. T. V. Ibrahim called the attention of the Minister for Higher Education and Social Justice to the problems of implementing the order issued by the Department of Social Justice on 30-12-2019 for the implement of the reservation of differently abled persons is against KS&SSR and the apprehension that it will reduce the reservation of the Muslim community. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കേരള ഹോം ഗാർഡ്സ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ | മുഖ്യമന്ത്രി |
| 2 | ശ്രീ. നജീബ് കാന്തപുരം | ജീവിതോപാധിയും മകളും നഷ്ടപ്പെട്ട എളംകുളം ബാലചന്ദ്രന് നഷ്ടപരിഹാരം | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. പി. സുമോദ് | വടക്കഞ്ചേരിയിൽ എക്സൈസ് റേഞ്ച് ഓഫീസ് | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 4 | ശ്രീ. ഷാഫി പറമ്പിൽ | പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | ശ്രീ. എ. പി. അനിൽ കുമാർ | സാമൂഹ്യസുരക്ഷാ പെൻഷനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ | ധനകാര്യ വകുപ്പുമന്ത്രിക്കു വേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. നൗഷാദ് | സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ നിന്നും മത്സ്യത്തൊഴിലാളി കൾക്കുള്ള ധനസഹായം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 7 | ശ്രീ. അൻവർ സാദത്ത് | ആലുവ താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 8 | ശ്രീ. കോവൂർ കുഞ്ഞുമോൻ | കണ്ടറ-മുളവന-ചിറ്റുമല-മൺട്രോതുരുത്ത് റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. എ. എൻ. ഷംസീർ | നിർദ്ദിഷ്ട കണ്ണൂർ-മൈസൂർ ദേശീയ പാതയിൽ മട്ടന്നൂർ-തലശ്ശേരി ഭാഗം ഉൾപ്പെടുത്തു ന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 10 | ശ്രീമതി ഒ. എസ്. അംബിക | വക്കം - കായിക്കര കടവ് പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Ruling of Speaker :*

The Speaker gave the following ruling on the point of order raised by Dr. M. K. Muneer and Smt. U. Prathibha under Rule 303 regarding the necessity to allot time for discussing Reports of Legislature Committees under Rule 205 B.

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 B പ്രകാരം സഭാ സമിതികളുടെ റിപ്പോർട്ടിലെ വിഷയമായിരുന്ന പൊതുപ്രാധാന്യമുള്ള സംഗതിയിന്മേൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ നീക്കിവയ്ക്കാവുന്നതാണ്.

എന്നാൽ ഈ അവസരം വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞ കാലങ്ങളിൽ നമുക്ക് കഴിയാതിരുന്നത് സംബന്ധിച്ചാണ് ഡോ. എം. കെ. മുനീർ ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിനായി നോട്ടീസ് നൽകിയിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീമതി യു. പ്രതിഭയും വിഷയത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി.

ഇത്തരം ചർച്ചകൾ സഭയിൽ നടക്കേണ്ടത് സംബന്ധിച്ച ഗവൺമെന്റ് നിലപാട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഇവിടെ വിശദീകരിച്ചു. ഇക്കാര്യത്തിൽ ഗവൺമെന്റിന് അനുകൂല നിലപാടാണുള്ളത് എന്നറിയുന്നതുതന്നെ തികച്ചും സന്തോഷകരമായ കാര്യമാണ്.

നമ്മുടെ സഭയുടെ നടപടി ക്രമങ്ങളിൽ കാലികമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനായി പന്ത്രണ്ടാം കേരള നിയമസഭയിൽ 2009-ൽ രൂപീകരിക്കപ്പെട്ട അഡ്ഹോക് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്, സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിനായി സഭാ നടപടി ചട്ടങ്ങളിൽ ഒരു പുതിയ വ്യവസ്ഥ ചട്ടം 205 B ആയി കൂട്ടിച്ചേർക്കപ്പെട്ടത്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, പുതിയ വ്യവസ്ഥ നിലവിൽ വന്നെങ്കിലും കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനിടയിൽ കേവലം രണ്ട് റിപ്പോർട്ടുകൾ മാത്രമേ സഭയിൽ ചർച്ച ചെയ്യപ്പെടുവാൻ അവസരം ലഭ്യമായിട്ടുള്ളൂ. സഭാ സമ്മേളന ദിനങ്ങളുടെ എണ്ണം പരിമിതപ്പെട്ടതും സഭയിൽ നിർവ്വഹിക്കപ്പെടേണ്ട ഗവൺമെന്റ് ബിസിനസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇക്കാര്യത്തിനായി വേണ്ടത്ര സമയം കണ്ടെത്താൻ കഴിയാതിരുന്നത് എന്ന് കാണാവുന്നതാണ്. ഇക്കാര്യത്തിൽ കൂടുതൽ അവസരം ലഭ്യമാവത്തക്ക വിധത്തിൽ ഇനി വരുന്ന സഭാ സമ്മേളനങ്ങളുടെ കാര്യപരിപാടികൾ ക്രമപ്പെടുത്താൻ യോജിപ്പോടുകൂടിയുള്ള ഒരു നീക്കം ഉണ്ടാകേണ്ടതുണ്ട്. അതിനായി പരിശ്രമിക്കാമെന്ന് മാത്രമാണ് ചെയറിന് ഇക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. "

*Financial Business :*

<u>*Discussion and Voting on Demands for Grants in the Revised Budget for the financial year 2021-2022*</u>

Shri M. V. Govindan Master, Minister for Local Self Governments Rural Development and Excise moved Demand No. VIII—Excise, Demand No. XXII—Urban Development, Demand No. XXXV—Panchayat and Demand No. XXXVI—Rural Development, Shri. Roshy Augustine, Minister for Water Resources moved Demand No. XX—Water Supply and Sanitation and Demand No. XXXVIII—Irrigation

and Shri P. Prasad, Minister for Agriculture moved Demand No. XXIX—Agriculture for the amounts shown respectively against them under column No. 9 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to Demands Nos VIII, XX, XXII, XXIX, XXXV, XXXVI and XXXVIII.

The cut motion Nos. 1, 2, 3, 8, 9, 10, 12, 13, 15, 16, 17, 18, 19, 20, 21, 22, 23, 26, 30, 33, 37, 38 in the list of cut motions for Demand No. VIII, cut motion Nos. 1, 2, 4, 5, 8, 9, 10, 11, 13, 14, 15, 16, 17, 18, 20, 22, 23, 24, 27, 28, 29, 30, 31, 33, 34, 35, 36, 37 in the list of cut motions for Demand No. XX, cut motion Nos. 1, 2, 3, 7, 8, 9, 11, 12, 13, 14, 16, 17, 18, 19, 20, 22, 24, 26, 27, 28, 29, 30, 31, 34, 35, 36 in the list of cut motions for Demand No. XXII, cut motion Nos. 1, 2, 3, 4, 5, 6, 7, 8, 9, 11, 12, 14, 15, 16, 17, 20, 22, 23, 24, 26, 27, 28, 29, 30, 32, 33, 35, 36 in the list of cut motions for Demand No. XXIX, cut motion Nos. 1, 3, 4, 7, 8, 9, 10, 11, 12, 14, 15, 17, 18, 20, 21, 22, 24, 25, 26, 27, 28, 29, 30, 31, 32, 33, 36 in the list of cut motions for Demand No. XXXV, cut motion Nos. 1, 3, 4, 5, 6, 7, 8, 10, 11, 14, 15, 17, 18, 19, 22, 23, 25, 26, 27, 28, 29, 30, 31, 32, 33, 34, 36 in the list of cut motions for Demand No. XXXVI,and cut motion Nos. 1, 2, 3, 4, 8, 10, 12, 13, 15, 16, 17, 18, 19, 20, 21, 22, 24, 26, 27, 30, 31, 32, 33, 35, 36, 37 in the list of cut motions for Demand No. XXXVIII were moved.

The following members took part in the discussion;

Shri T. P. Ramakrishnan

DR. Mathew Kuzhalnadan

Shri P. S. Supal

Prof. Abid Hussain Thangal

Shri P. J. Joseph

Shri Thottathil Raveendran

Dr. N. Jayaraj

Shri K. V. Sumesh

Shri Thomas K. Thomas

Shri N. K. Akbar

Shri Sajeev Joseph

Shri Linto Joseph

Shri A. Prabhakaran

Shri C. H. Kunhambu

Shri U. A. Latheef

Shri E. K. Vijayan

Shri A. C. Moideen

Shri P. T. Thomas

Shri M. V. Govindan Master, Minister for Local Self Governments Rural Development and Excise, Shri Roshy Augustine, Minister for Water Resources and Shri P. Prasad, Minister for Agriculture replied to the points raised during the discussion. The cut motions were declared lost. Then the Demands Nos VIII, XX, XXII, XXIX, XXXV, XXXVI and XXXVIII were put to vote and passed.

The House adjourned at 4.53 p.m. to meet again at 9.00 a.m. on Tuesday, August 10, 2021.

S. V. Unnikrishnan Nair,

*Secretary.*